## 15 -ാം കേരള നിയമസഭ

## 16 -ാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 58** | **28-01-2026 - ൽ മറുപടിയ്ക്ക്**

## സംസ്ഥാനത്തെ വ്യവസായ സൗഹൃദാന്തരീക്ഷം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. സി. മൊയ്തീൻ ,<br>ശ്രീമതി ദെലീമ,<br>ശ്രീ. ലിന്റോ ജോസഫ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | വ്യവസായ സൗഹൃദ അന്തരീക്ഷത്തിന്റെ കാര്യത്തിൽ രാജ്യത്ത് ഒന്നാം സ്ഥാനം കൈവരിക്കാൻ സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | കേന്ദ്ര സർക്കാരിന്റെ വാണിജ്യ വ്യവസായ മന്ത്രാലയത്തിന് കീഴിലുള്ള ഡിപ്പാർട്ട്മെന്റ് ഫോർ പ്രൊമോഷൻ ഓഫ് ഇൻഡസ്ട്രി ആൻഡ് ഇൻറേണൽ ട്രേഡ് (ഡി.പി.ഐ.ഐ.ടി) സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലും നടപ്പിലാക്കുന്നതിനായി 2014 മുതൽ സ്റ്റേറ്റ് ബിസിനസ്സ് റീഫോംസ് ആക്ഷൻ പ്ലാൻ (SBRAP) പുറത്തിറക്കുന്നുണ്ട്. വ്യവസായങ്ങൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന കർശനമായ നിയന്ത്രണങ്ങൾ ലളിതമാക്കുകയും നിക്ഷേപക സൗഹൃദമായ അന്തരീക്ഷം വളർത്തുകയും ചെയ്യുന്നത് വഴി ബിസിനസ്സ് അനുകൂലമായൊരു അന്തരീക്ഷം സംസ്ഥാനങ്ങളിൽ സൃഷ്ടിക്കുക എന്നതാണ് ഈ എക്സർസൈസിന്റെ ലക്ഷ്യം. സംസ്ഥാനങ്ങളും കേന്ദ്രഭരണ പ്രദേശങ്ങളും ഈ പരിഷ്കരണങ്ങൾ നടപ്പിലാക്കുന്നതിന്റെ അടിസ്ഥാനത്തിൽ, വിലയിരുത്തപ്പെടുകയും ചെയ്യുന്നു. സംസ്ഥാനത്തിന്റെ ബിസിനസ്സ് അന്തരീക്ഷം ഉത്തേജിപ്പിക്കുന്നതിനായി നിരവധി പരിഷ്കരണ പദ്ധതികൾ ആരംഭിച്ചുകൊണ്ട് കേരള സർക്കാർ ഈ ഉദ്യമത്തിൽ 2014 മുതൽ സജീവമായി പങ്കെടുത്തു വരുന്നു.<br><br>പ്രസ്തുത സ്റ്റേറ്റ് ബിസിനസ്സ് റിഫോം ആക്ഷൻ പ്ലാനിന്റെ 2022-ലെ പതിപ്പിൽ, ഒമ്പത് മേഖലകളിൽ ടോപ്പ് അച്ചീവർ സ്ഥാനം കരസ്ഥമാക്കിക്കൊണ്ട്, രാജ്യത്തിൽ തന്നെ ഏറ്റവുമധികം മേഖലകളിൽ ടോപ്പ് അച്ചീവർ സ്ഥാനം നേടാൻ സംസ്ഥാനത്തിന് സാധിച്ചിരുന്നു. ആയതിന്റെ തുടർച്ചയായ, സ്റ്റേറ്റ് ബിസിനസ്സ് റിഫോം ആക്ഷൻ പ്ലാനിന്റെ 2024 (SBRAP 2024) ലെ പതിപ്പിലും കേരളത്തിന് മികച്ച പ്രകടനം കാഴ്ചവയ്ക്കാൻ സാധിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | SBRAP 2024 പ്രകാരം, സംസ്ഥാനത്തെ "ഫാസ്റ്റ് മൂവർ" വിഭാഗത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഈ വർഷത്തെ വിലയിരുത്തലിൽ ഏറ്റവും മികച്ച പ്രകടനം കാഴ്ചവച്ച സംസ്ഥാനങ്ങളാണ് "ഫാസ്റ്റ് മൂവർ" വിഭാഗത്തിൽ വന്നിരിക്കുന്നത്. ഇത് കൂടാതെ വിവിധ വകുപ്പുകളിലുടനീളം നടപ്പിലാക്കിയ പരിഷ്കാരങ്ങളുടെ മൊത്തത്തിലുള്ള ഗുണനിലവാരം, സ്ഥിരത എന്നിവയെ അടിസ്ഥാനമാക്കി 4 വ്യവസായ കേന്ദ്രീകൃത മേഖലകളിൽ (Business Entry, Labour Regulation Enablers, Obtaining Utility Permits, Sector-Specific Healthcare എന്നീ മേഖലകളിൽ) "ടോപ്പ് അച്ചീവർ" സ്ഥാനവും സംസ്ഥാനം കരസ്ഥമാക്കി.<br><br>2016-ൽ 22.8 ശതമാനം മാത്രമായിരുന്ന കേരളത്തിന്റെ സ്കോർ, സ്ഥിരതയാർന്ന പരിഷ്കരണങ്ങളിലൂടെ 2022-ൽ 91 ശതമാനത്തിലേക്കും, 2024-ലെ ഏറ്റവും പുതിയ കണക്കുകൾ പ്രകാരം 99.1 ശതമാനത്തിലേക്കും ഉയർന്നു. കഴിഞ്ഞ തവണ രണ്ട് വിഭാഗങ്ങളിൽ (വ്യവസായ കേന്ദ്രീകൃതം) ഒന്നാം സ്ഥാനത്തെത്തിയ കേരളം, ഈ തവണ നാല് വിഭാഗങ്ങളിൽ ഒന്നാമതെത്തുകയും, ഉന്നത ശ്രേണിയായ 'ഫാസ്റ്റ് മൂവേഴ്സ്' വിഭാഗത്തിൽ എത്തുകയും ചെയ്തു. |
| (ബി) | അന്തർദേശീയ തലത്തിൽ ശ്രദ്ധിയാകർഷിക്കുന്ന തരത്തിൽ സംസ്ഥാനത്തിലെ വ്യവസായ അന്തരീക്ഷത്തെ മികച്ചതാക്കി മാറ്റുന്നതിനായി സർക്കാർ നടത്തിയിട്ടുള്ള ഇടപെടലുകളെക്കുറിച്ച് വിശദമാക്കാമോ; | (ബി) | സംസ്ഥാനത്തിലെ വ്യവസായ അന്തരീക്ഷത്തെ മികച്ചതാക്കി മാറ്റുന്നതിനും അതുവഴി ലോക ശ്രദ്ധ കേരളത്തിലേക്കു ആകർഷിക്കുവാനുമായി സംസ്ഥാന സർക്കാർ നിരവധി പ്രവർത്തനങ്ങൾ നടത്തി വരുന്നു. വൻകിട നിക്ഷേപങ്ങളെ കേരളത്തിലേക്കു ആകർഷിക്കുവാനും, അതുവഴി കേരളത്തിലെ തൊഴിൽ അവസരങ്ങളുടെ സാധ്യത വർദ്ധിപ്പിക്കുവാനും, കേരളത്തിലെ വ്യാവസായിക പുരോഗതിക്ക് ഊന്നൽ നൽകുവാനും കേരള സർക്കാർ സംസ്ഥാന വ്യവസായ നയം 2023 രൂപീകരിച്ചു. സംരംഭകത്വം പ്രോത്സാഹിപ്പിക്കുക, പുതിയ സാങ്കേതികവിദ്യകൾ ഉൾപ്പെടുത്തി പരമ്പരാഗത വ്യവസായങ്ങളെ നവീകരിക്കുക, കേരള ബ്രാൻഡ് വികസിപ്പിക്കുക, അടിസ്ഥാന സൗകര്യങ്ങൾ പ്രവർത്തനക്ഷമമാക്കുക, തൊഴിലില്ലാത്ത വിദ്യാസമ്പന്നരായ യുവാക്കളുടെയും യുവതികളുടെയും സംരംഭകത്വ കഴിവുകളെ പരിപോഷിപ്പിക്കുക, വ്യവസായ – നൈപുണ്യം വർദ്ധിപ്പിക്കുക അതുവഴി മെച്ചപ്പെട്ട തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുക, മുൻഗണനാ മേഖല അടിസ്ഥാനമാക്കിയുള്ള വ്യവസായവൽക്കരണം എന്നിവയാണ് സംസ്ഥാന വ്യവസായ നയത്തിന്റെ |

| | | | |
|---|---|---|---|
| | | | പ്രധാനപ്പെട്ട ലക്ഷ്യങ്ങൾ. പുതിയ വ്യാവസായിക നയം സംസ്ഥാനത്തിന്റെ അന്തർലീനമായ ശക്തികൾ ഉപയോഗപ്പെടുത്തുന്നതിനും 'സൺറൈസ്' മേഖലകളിലെ നിക്ഷേപങ്ങളെ ഉത്തേജിപ്പിക്കുന്നതിനുമാണ്. സൺറൈസ് വ്യവസായങ്ങൾക്ക് വലിയ ആനുകൂല്യങ്ങൾ വ്യവസായ നയത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്.<br><br>ഇവ കൂടാതെ കയറ്റുമതി പ്രോത്സാഹന നയം, ലോജിസ്റ്റിക് പാർക്ക് നയം, ഇ. എസ്. ജി. നയം, ഹൈടെക് മാനുഫാക്ച്ചറിങ് ഫ്രെയിംവർക് എന്നിവ സർക്കാർ ഇതിനോടകം അംഗീകരിച്ചിട്ടുണ്ട്.<br><br>നിക്ഷേപകരെ നേരിൽ കണ്ട് ചർച്ചകൾ നടത്തുന്നതിനും കേരളത്തിലെ വ്യവസായ സൗഹൃദ അന്തരീക്ഷം ആഗോള തലത്തിൽ അവതരിപ്പിക്കുന്നതിനുമായി വിവിധ ദേശീയ– അന്തർദേശീയ ഉച്ചകോടികളിലും കോൺക്ലേവുകളിലും സംസ്ഥാനത്തിന്റെ സജീവ പങ്കാളിത്തം സർക്കാർ ഉറപ്പുവരുത്തി വരുന്നു. ഇതിന്റെ ഭാഗമായി കെ.എസ്.ഐ.ഡി.സി.യുടെ നേതൃത്വത്തിൽ 2025 ഫെബ്രുവരി 21, 22 തീയതികളിൽ കൊച്ചിയിൽ സംഘടിപ്പിച്ച ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റ് കേരളത്തിന്റെ സുസ്ഥിര സാമ്പത്തിക വികസനത്തിനും വ്യവസായ വളർച്ചയ്ക്കുമുള്ള യാത്രയിലെ സുപ്രധാന നാഴികക്കല്ലായി മാറിയിട്ടുണ്ട്. ഈ നിക്ഷേപ സംഗമത്തിലൂടെ ഏകദേശം 1.81 ലക്ഷം കോടി രൂപ ആസ്തിയുള്ള 449 ധാരണാപത്രങ്ങൾ സർക്കാരിന് ലഭിച്ചിട്ടുണ്ട്. ഇവയിൽ 35608 കോടി രൂപയിൽ അധികം ആസ്തി വരുന്ന 109-ഓളം പദ്ധതികൾ ഇതിനോടകം ശിലാസ്ഥാപനം നടത്തുകയും ചെയ്തു. ഇവയുടെ എല്ലാം നടപ്പാക്കൽ ഇൻവെസ്റ്റ്മെന്റ് ഫെസിലിറ്റേഷൻ ഡിവിഷന്റെ മേൽനോട്ടത്തിൽ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചു വരുന്നു. |
| (സി) | നിക്ഷേപ സൗഹൃദ അന്തരീക്ഷം മെച്ചപ്പെടുത്തിയത് സംസ്ഥാനത്തേക്ക് നിക്ഷേപങ്ങൾ എത്തിക്കുന്നതിന് സഹായകമായിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | സംസ്ഥാനത്ത് നിക്ഷേപ സൗഹൃദ അന്തരീക്ഷം മെച്ചപ്പെടുത്തുന്നതിനായി സർക്കാർ കൈക്കൊണ്ട സമഗ്രവും സമയബന്ധിതവുമായ ഇടപെടലുകൾ സംസ്ഥാനത്തേക്ക് നിക്ഷേപങ്ങൾ ആകർഷിക്കുന്നതിന് ഗണ്യമായി സഹായകമായിട്ടുണ്ട്. ഈ ഇടപെടലുകളുടെ ഫലമായാണ് ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റ് 2025 എന്ന ആഗോള നിക്ഷേപ സംഗമം സർക്കാരിന് വിജയകരമായി സംഘടിപ്പിക്കാനായതും, അതിലൂടെ 449 സ്ഥാപനങ്ങളിൽ നിന്നായി ഒരു ലക്ഷത്തി എൺപതിനായിരം കോടി രൂപയിലധികം മൂല്യമുള്ള |

| | | | |
|---|---|---|---|
| | | | നിക്ഷേപ താത്പര്യപത്രങ്ങൾ സംസ്ഥാനത്തിന് ലഭിച്ചതും.<br><br>സംസ്ഥാന സർക്കാർ 2023-ലെ വ്യവസായ നയത്തിലൂടെ കേരളത്തിന്റെ മുന്നോട്ടുള്ള വികസനത്തിൽ നിർണായകവും സുസ്ഥിരവുമായതായി തിരഞ്ഞെടുത്ത ടൂറിസം, ഭക്ഷ്യസംസ്കരണം, ഐ.ടി/ഐ.ടി അധിഷ്ഠിത വ്യവസായങ്ങൾ, ഇലക്ട്രോണിക് ഘടക നിർമ്മാണം, ഫാർമസ്യൂട്ടിക്കൽസ്, ഹെൽത്ത്കെയർ, ആയുർവേദ & വെൽനെസ് തുടങ്ങിയ മേഖലകളിലാണ് ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റിലൂടെ വന്ന ഭൂരിഭാഗം നിക്ഷേപ താല്പര്യ പത്രങ്ങളും ഉൾപ്പെടുന്നത്. പ്രസ്തുത മേഖലകളിൽ കൃത്യമായ മാർഗ്ഗനിർദ്ദേശങ്ങളോടെ സർക്കാർ നടപ്പിലാക്കിയ അടിസ്ഥാന സൗകര്യ വികസനം, നയപരിഷ്കാരങ്ങൾ, അനുമതികളുടെ ലളിതവൽക്കരണം തുടങ്ങിയ നിക്ഷേപക സൗഹൃദമായ നടപടികൾ, കൃത്യമായി നിക്ഷേപകരിലേക്ക് എത്തിയിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ട്.<br><br>നിക്ഷേപ താൽര്യപത്രങ്ങളെ യഥാർത്ഥ നിക്ഷേപങ്ങളാക്കി മാറ്റുന്നതിനായി സർക്കാർ സ്വീകരിച്ച തുടർനടപടികളുടെ ഫലമായി 20.01.2026 വരെ 109 പദ്ധതികൾ നിർമ്മാണ പ്രവർത്തന ഘട്ടത്തിലേക്ക് കടന്നിട്ടുണ്ട്. ഇതിലൂടെ 35,608.22 കോടിയുടെ നിക്ഷേപവും, 50,813 തൊഴിലവസരങ്ങളും സംസ്ഥാനത്ത് സൃഷ്ടിക്കപ്പെടുമെന്നാണ് പ്രതീക്ഷിക്കുന്നത്.<br><br>നിക്ഷേപ നടപടികൾ ലളിതമാക്കൽ, സമയബന്ധിത അനുമതികൾ, നയസ്ഥിരത, അടിസ്ഥാന സൗകര്യങ്ങളുടെ ശക്തീകരണം, നിക്ഷേപകർക്കുള്ള ഫെസിലിറ്റേഷൻ സംവിധാനങ്ങൾ എന്നിവ ചേർന്ന് കേരളത്തെ വിശ്വാസയോഗ്യവും നിക്ഷേപ സൗഹൃദവുമായ സംസ്ഥാനമായി ഉയർത്തിയിട്ടുണ്ട്. അതോടൊപ്പം, സംരംഭകർക്ക് വളരാനും പുതുമകൾ സൃഷ്ടിക്കാനും അനുയോജ്യമായ ഒരു പോസിറ്റീവ് ഇക്കോസിസ്റ്റം സംസ്ഥാനത്ത് രൂപപ്പെടുകയും ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | സംസ്ഥാനം വ്യവസായത്തിന് അനുയോജ്യമല്ലെന്ന പ്രചരണങ്ങളെ തിരുത്തിക്കൊണ്ട് സർക്കാർ നടപ്പിലാക്കിയ പരിഷ്കാരങ്ങളുടെ ഭാഗമായി മുന്നോട്ടു വച്ച സംരംഭക വർഷം, ആഗോള നിക്ഷേപക സംഗമം എന്നീ പദ്ധതികൾ വിജയകരമായി മാറ്റുവാൻ സാധിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | സാധിച്ചിട്ടുണ്ട്. സംസ്ഥാനം വ്യവസായത്തിന് അനുയോജ്യമല്ലെന്ന തരത്തിലുള്ള കുപ്രചാരണങ്ങളെ യാഥാർത്ഥ്യബോധത്തോടെ തിരുത്തുന്നതിനായി സർക്കാർ നടപ്പിലാക്കിയ നയപരിഷ്കാരങ്ങളും ഘടനാപരമായ ഇടപെടലുകളും നിക്ഷേപപകർക്ക് മുന്നിൽ ഉയർത്തിക്കാട്ടാനും, സംസ്ഥാനത്തിന്റെ നിക്ഷേപ സൗഹൃദാന്തരീക്ഷത്തെ കൃത്യമായി നിക്ഷേപകർക്ക് മുന്നിൽ അവതരിപ്പിക്കാനും സാധിച്ചൊരു വേദിയായിരുന്നു ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റ് 2025.<br><br>വ്യവസായ അന്തരീക്ഷം മെച്ചപ്പെടുത്തുന്നതിന് സർക്കാർ നടത്തിയ നിരവധി ഇടപ്പെടലുകളിലൂടെ പ്രസ്തുത സംഗമത്തിൽ 449 സ്ഥാപനങ്ങളിൽ നിന്നായി ഒരു ലക്ഷത്തി എൺപതിനായിരം കോടിയിലേറെ മൂല്യം വരുന്ന നിക്ഷേപ താല്പര്യ പത്രങ്ങളാണ് സംസ്ഥാനത്തിന് ലഭിച്ചത്. ഇതിലൂടെ അഞ്ച് ലക്ഷത്തോളം തൊഴിൽ അവസരങ്ങളും വാഗ്ദാനം ചെയ്യപ്പെട്ടിട്ടുണ്ട്. ഇവ സമയബന്ധിതമായി യഥാർത്ഥ നിക്ഷേപങ്ങളാക്കി മാറ്റുക എന്നതിലാണ് സർക്കാർ നിലവിൽ അടിയന്തര ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നത്. ആയതിന്റെ ഭാഗമായി, നിക്ഷേപ മൂല്യത്തിന്റെ അടിസ്ഥാനത്തിൽ താല്പര്യ പത്രങ്ങളെ തരംതിരിച്ച് കെ.എസ്.ഐ.ഡി.സി, വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്, കിൻഫ്ര എന്നീ ഏജൻസികളിലൂടെ കൃത്യമായി തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. വിവിധ അനുമതികളുൾപ്പെടെ ആവശ്യമായ സൗകര്യങ്ങൾ ഒരുക്കി കൊടുക്കുന്നതിനുള്ള സംവിധാനങ്ങൾക്ക് വ്യവസായ വകുപ്പ് രൂപം നൽകുകയും, വിവിധ തലങ്ങളിലും കൃത്യമായ ഇടവേളകളിലും പദ്ധതി അവലോകനങ്ങൾ നടത്തുകയും ചെയ്യുന്നുണ്ട്.<br><br>നിലവിൽ 100 കോടി വരെ മൂല്യമുള്ള നിക്ഷേപ താത്പര്യ പത്രങ്ങളാണ് വ്യവസായ വാണിജ്യ ഡയറക്ടറേറ്റിലൂടെ മോണിറ്റർ ചെയ്തു വരുന്നത്. 100 കോടിയും അതിനു മുകളിലും വരുന്ന നിക്ഷേപ താൽപര്യ പത്രങ്ങളുടെ നോഡൽ ഏജൻസിയായി കെ.എസ്.ഐ.ഡി.സി-യാണ് പ്രവർത്തിക്കുന്നത്. വ്യവസായ പാർക്കുകളിലും മറ്റുമുള്ള നിക്ഷേപങ്ങൾ കിൻഫ്രയുടെ നേതൃത്വത്തിലും മോണിറ്റർ ചെയ്തുവരുന്നു. ഇത്തരത്തിൽ പദ്ധതികൾ കൃത്യമായി വിലയിരുത്തി, അവയ്ക്കാവശ്യമായ സൗകര്യങ്ങൾ ചെയ്തുകൊടുക്കുന്നതിനായി അതാത് ഏജൻസികളിൽ ഓരോ പദ്ധതിയ്ക്കും, നോഡൽ ഓഫീസർമാരെയും ഏർപ്പെടുത്തിയിട്ടുണ്ട്. ഇത്തരത്തിൽ വിവിധ ഏജൻസികളിലൂടെ നിക്ഷേപ താല്പര്യ പത്രങ്ങളിൽ |

| | | | |
|---|---|---|---|
| | | | നടത്തുന്ന ഫോളോ അപ്പുകൾ കൂടുതൽ കാര്യക്ഷമവും, സുതാര്യവും ആക്കുന്നതിനായി ഒരു ഓൺലൈൻ സംവിധാനത്തിനും സർക്കാർ രൂപം നൽകിയിട്ടുണ്ട്. നിക്ഷേപ താൽപര്യ പത്രങ്ങളെ അവയുടെ സവിശേഷതകളുടെ അടിസ്ഥാനത്തിൽ തരംതിരിക്കാനും അതിലൂടെ ഓരോന്നിനും ആവശ്യമായ പരിഗണന ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്താനും ഈ സംവിധാനത്തിലൂടെ സാധിക്കുന്നു. ഓരോ നിക്ഷേപ താൽപര്യ പത്രവുമായി ബന്ധപ്പെട്ട്, നോഡൽ ഓഫീസർമാർ നടത്തുന്ന പ്രവർത്തനങ്ങൾ യഥാസമയം രേഖപ്പെടുത്തുന്നതിനും, വിവിധ അനുമതികൾക്കായി നിക്ഷേപകർ അതാതു വകുപ്പുകളിൽ നൽകുന്ന അപേക്ഷകളും, അവർ നേരിടുന്ന പ്രശ്നങ്ങളും കൃത്യമായി രേഖപ്പെടുത്തി അവലോകനം ചെയ്യുന്നതിനുമുള്ള മൊഡ്യൂളുകൾ പ്രസ്തുത ഓൺലൈൻ സംവിധാനത്തിലുണ്ട്. ഇതിലൂടെ യഥാസമയം, വസ്തുനിഷ്ഠമായ രീതിയിൽ പദ്ധതികളെ വിലയിരുത്തുവാനും, അവ നേരിടുന്ന പ്രശ്നങ്ങൾക്ക് മറ്റ് വകുപ്പുകളുമായി ചേർന്ന് പരിഹാരം കാണാനും വ്യവസായ വകുപ്പിന് സാധിക്കുന്നുണ്ട്. ഇത്തരത്തിലുള്ള കൂട്ടായ ശ്രമത്തിന്റെ ഫലമായി ഇതുവരെ 109 നിക്ഷേപ താൽപര്യ പത്രങ്ങളെ നിക്ഷേപമാക്കി പരിവർത്തനം ചെയ്യാൻ സർക്കാരിന് സാധിച്ചിട്ടുണ്ട്. ഇവ നിലവിൽ നിർമ്മാണ പ്രവർത്തനത്തനങ്ങളുടെ വിവിധ ഘട്ടങ്ങളിലാണ്.<br><br>സംസ്ഥാനം വ്യവസായത്തിന് അനുയോജ്യമല്ലെന്ന തെറ്റായ പ്രചരണങ്ങളെ തിരുത്തുന്നതിനായി സർക്കാർ സ്വീകരിച്ച നയപരവും ഭരണപരവുമായ ഇടപെടലുകൾ സംരംഭകത്വ വർഷം (Year of Enterprises) ക്യാമ്പയിനും ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റും (Invest Kerala Global Summit) ഉൾപ്പെടെയുള്ള പ്രധാന പദ്ധതികളുടെ വിജയത്തിലൂടെ കഴിഞ്ഞിട്ടുണ്ട്.<br><br>കൂടാതെ 2025–26 കാലയളവിൽ സംരംഭകത്വ വർഷം പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് ഏകദേശം 388500-ത്തിലധികം സംരംഭങ്ങൾ ആരംഭിക്കാൻ സാധിച്ചിട്ടുണ്ട്. ഇതുവഴി ഏകദേശം ₹25,850 കോടി രൂപയിലധികം നിക്ഷേപം ആകർഷിക്കപ്പെടുകയും 8.2 ലക്ഷത്തിലധികം തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ